## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 6072 10/07/2012-ൽ മറുപടിക്ക്

### കെട്ടിട നികുതി-പുനർ നിർണ്ണയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി : | | **ശ്രീ.മഞ്ഞളാംകുഴി അലി** (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | കെട്ടിട നികുതി നിർണയം നടത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള ചോദ്യാവലി ദുർഗ്രഹവും സങ്കീർണവും സാധാരണക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമേറിയതു മാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഘൂ കരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. ഇത് ലഘൂകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ചോദ്യാവലി പൂരിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏൽപ്പിക്കുന്നതിന് ഇപ്പോൾ നിശ്ചയി ച്ചിട്ടുള്ള സമയപരിധി എന്നുവരെയാ ണെന്ന് അറിയിക്കുമോ; | (ബി) | 31/08/2012 വരെ |
| (സി) | നികുതി പുനർ നിർണയത്തിലൂടെ കെട്ടിട നികുതിയിൽ ശരാശരി എത്ര രൂപയുടെ വർദ്ധനവുണ്ടാകും എന്ന് വ്യക്തമാക്കുമോ? | (സി) | നികുതി പുനർ നിർണയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നതേയുള്ളൂ. ഇതു സംബന്ധിച്ചുള്ള നടപടികൾ പൂർത്തി യായിട്ടില്ല. ആയതിനാൽ വർദ്ധനവ് കൃത്യമായി ഇപ്പോൾ കണക്കാക്കാൻ കഴിയുന്നില്ല. നിലവിലുള്ള വാസഗൃഹങ്ങൾക്ക് അവയുടെ ഘടനയിൽ മാറ്റം വരുത്താത്ത പക്ഷം അവയ്ക്കുള്ള പുതിയ വസ്തു നികുതി നിലവിലുള്ള വസ്തു നികുതിയുടെ 60%-ൽ അധികരിക്കരുതെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ